**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 531 03.03.2020-ലെ മറുപടിയ്ക്ക്

## <u>ആർട്ടിഫിഷൽ ഫുട്ബോൾ ടർഫ്</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും<br>വകുപ്പ് മന്ത്രി |
| ആർട്ടിഫിഷൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നതിനുള്ള ഗവൺമെന്റ് അംഗീകൃത ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ആർട്ടിഫിഷൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നതിന് വേണ്ടി മാത്രമായി അംഗീകൃതമായ ഏജൻസികൾ ഒന്നുംതന്നെയില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഇ-ടെണ്ടർ ജാലകം വഴി ആഗോള ടെണ്ടറുകൾ ക്ഷണിച്ചാണ് കായികയുവജനകാര്യ വകുപ്പ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഫിഫ അംഗീകാരമുള്ള ഏജൻസികളിൽ നിന്നുമാണ് ടർഫ് ഇറക്കുമതി ചെയ്യുന്നത്. ടർഫ് സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്ത് മുൻപരിചയവും ലൈസൻസുമുള്ള കമ്പനികളിൽ നിന്നുമാണ് ടെണ്ടറുകൾ ക്ഷണിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**